# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2627** 02/04/2013 **ൽ മറുപടിക്ക്**

## ഉച്ചഭക്ഷണ ഫണ്ട്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. സി. ജോർജ്<br>,, റോഷി അഗസ്റ്റിൻ<br>,, ഡോ. എൻ. ജയരാജ് | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് സ്കൂൾതല ഉച്ചഭക്ഷണ പരിപാടിയ്ക്ക് പാചകക്കൂലി, കണ്ടിജന്റ് ചാർജ്ജ് ഇനത്തിൽ 2011-12, 2012-13 അദ്ധ്യയന വർഷത്തിൽ കടിശ്ശിക വന്നിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കമോ; | എ) 2011-12 വർഷം കടിശ്ശിക വന്നിട്ടുണ്ട്. 2 കോടി 66 ലക്ഷത്തോളം രൂപയാണ് കടിശ്ശികയിനത്തിൽ ആ വർഷം നൽകുവാനുള്ളത്. 2012-13 വർഷത്തെ കടിശ്ശിക സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു. |
| ബി) പ്രസ്തുത ഇനങ്ങൾക്കായി വകയിരുത്തിയിട്ടുള്ള തുക എപ്രകാരം വിതരണം ചെയ്യണമെന്നാണ് നിശ്ചയിച്ചിരുന്നത്; ആയത് പാലിക്കാൻ സാധിച്ചുവോ; | ബി) സംസ്ഥാനത്ത് ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെട്ട എല്ലാ സ്കൂളുകളിലെയും പ്രധാന അധ്യാപകരുടെ കറണ്ട് അക്കൗണ്ടിലേക്ക് നേരിട്ട് തുക ഇ-ട്രാൻസ്ഫർ വഴി വിതരണം ചെയ്യണമെന്ന് നിശ്ചിയിച്ച പ്രകാരം പ്രധാനാദ്ധ്യാപകരുടെ അക്കൗണ്ടിലേക്ക് ഫണ്ട് ട്രാൻസ്ഫർ ചെയ്തുവരുന്നു. |

| | | | |
|---|---|---|---|
| സി) | ഇപ്രകാരം സ്കൂളുകൾക്ക് ഫണ്ട് വീതം വയ്ക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്? | സി) | 150 കുട്ടികൾ വരെയുള്ള സ്കൂളുകളിൽ കുട്ടിയൊന്നിന് പ്രതിദിനം 5/- രൂപയും പുറമെ 150 രൂപ പാചക കൂലിയും, 151 മുതൽ 500 കുട്ടികൾ വരെയുള്ള സ്കൂളുകളിൽ പ്രതിദിനം കുട്ടിയൊന്നിന് 6/- രൂപയും (പാചക കൂലിയുൾപ്പടെ) 501 ന് മുകളിൽ വരുന്ന സ്കൂളുകളിൽ 500 കുട്ടികൾ വരെ 6/- രൂപയും 500 ന് മുകളിൽ ഓരോ കുട്ടിക്കും പ്രതിദിനം 5/- രൂപ വീതവും (പാചക കൂലി ഉൾപ്പടെ) നൽകണമെന്നതാണ് മാനദണ്ഡം |

സെക്ഷൻ ഓഫീസർ.